എൽ.പി. സ്കൂളുകളുടെ നിലവാരം

20 (2483) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ പ്രീപ്രൈമറി സ്കൂളുകൾ അനുവദിക്കുന്നുണ്ടോ ; നിലവിലുള്ള സർക്കാർ എൽ.പി. സ്കൂളുകളോടൊപ്പം പ്രീപ്രൈമറിയും അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) നിലവിലുള്ള സർക്കാർ എൽ.പി. സ്കൂളുകളോട് ചേർന്ന് അംഗനവാടി കെട്ടിടം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സർക്കാർ എൻ.പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ കൂടുതലായി അനുവദിച്ച് എൽ.പി. സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ പ്രീപ്രൈമറി സ്കൂളുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നിലവിൽ പ്രീപ്രൈമറി പ്രവർത്തിക്കാത്ത സർക്കാർ സ്കൂളുകളിൽ സ്ഥലം ലഭ്യമാണെങ്കിൽ അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമല്ലായെങ്കിൽ ക്ലാസ് മുറി ഒഴിവുള്ളപക്ഷം ആയതും നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly